ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 08.07.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഓസ്ട്രേലിയൻ സന്ദർശനത്തിന് ഇന്ന് തുടക്കം. പ്രവാസി കൂട്ടായ്മയും ധാതു-തൊഴിൽ മേഖലകളിലെ പങ്കാളിത്തവും പ്രധാന ലക്ഷ്യങ്ങൾ.

   **Prime Minister Narendra Modi begins Australia visit today; focuses on diaspora ties, mineral, and labour partnerships.**

2. കാർഷിക മേഖലയിൽ എൽനിനോ പ്രതിഭാസം സൃഷ്ടിക്കുന്ന പ്രതിസന്ധി നേരിടാൻ രാജ്യം സജ്ജമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Minister Shivraj Singh Chouhan says the nation stands ready to tackle El Nino impact on agriculture.**

3. വയനാട് കള്ളാടി ദുരന്തബാധിത പ്രദേശം മുഖ്യമന്ത്രി വി.ഡി.സതീശൻ സന്ദർശിച്ചു. തുരങ്കനിർമ്മാണത്തിൽ സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമെന്ന് മുഖ്യമന്ത്രി.

   **Chief Minister V.D. Satheesan visits Wayanad landslide site; promises probe into tunnel project safety norms.**

4. രണ്ടു ദിവസത്തെ ബ്രിക്സ് വനിതാ മന്ത്രിതലയോഗം നാളെ കൊച്ചിയിൽ സമാപിക്കും. തദ്ദേശസ്വയംഭരണത്തിലെ സ്ത്രീശാക്തീകരണ മാതൃകകൾ ഇന്നത്തെയോഗത്തിൽ ഇന്ത്യ പങ്കുവച്ചു.

**Two-day BRICS Women Ministerial Meeting concludes in Kochi tomorrow; India showcases grassroots women empowerment models.**

5. കേരളത്തിൽ ശക്തമായ മഴ തുടരും. വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത . കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rains persist across Kerala; Red Alert in Wayanad, Malappuram, and Kozhikode today; fishing ban stays until tomorrow.**

6. ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ പോരാട്ടങ്ങൾക്ക് വെള്ളിയാഴ്ച തുടക്കമാകും.

**FIFA World Cup quarter-final clashes kick off on Friday.**

## VP-ODISHA VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ ഒഡീഷയിലെ ഭുവനേശ്വർ സന്ദർശിക്കും. ഒഡീഷ കാർഷിക സാങ്കേതിക സർവകലാശാലയിൽ, സുസ്ഥിര ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അനുമതി പത്രങ്ങൾ വിതരണം ചെയ്യുന്ന ദേശീയ ലോഞ്ചിംഗ് പരിപാടിയിൽ അദ്ദേഹം

മുഖ്യാതിഥിയാകും. ചടങ്ങിൽ 'ഒഡീഷ ഡീപ് സീ ഫിഷിംഗ് മിഷൻ' രേഖയും ഉപരാഷ്ട്രപതി പ്രകാശനം ചെയ്യും. തുടർന്ന് ഖോർധ ഭുവനേശ്വറിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM MODI INDIA AUSTRALIA TIES (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഓസ്ട്രേലിയൻ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക, തന്ത്രപ്രധാന ബന്ധങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനൊപ്പം ഓസ്ട്രേലിയയിലെ സജീവമായ ഇന്ത്യൻ പ്രവാസി സമൂഹത്തെ ഒന്നിപ്പിക്കുന്നതിലും ഈ സന്ദർശനം നിർണായക പങ്കുവഹിക്കും.

*വിശദാംശങ്ങളിലേക്ക്....*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## PM MODI INDIA AUSTRALIA TIES (VOICE)

ഇന്ത്യ-ഓസ്ട്രേലിയ ഉഭയകക്ഷി ബന്ധം ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണെന്ന് പ്രമുഖ ആരോഗ്യമേഖലാ വിദഗ്ദ്ധനും 'മെമ്പർ ഓഫ് ദി ഓർഡർ ഓഫ് ഓസ്ട്രേലിയ' ബഹുമതി ജേതാവുമായ ദീപക് സംഘ്വി

ആകാശവാണിയോട് പറഞ്ഞു. ഇന്ത്യയിലെ മികച്ച വിദ്യാഭ്യാസ മേഖലയിലൂടെ ഉയർന്നുവരുന്ന ആരോഗ്യ പ്രവർത്തകരും എൻജിനീയർമാരും ഓസ്ട്രേലിയയിലെ തൊഴിൽ പ്രതിസന്ധിക്ക് വലിയ പരിഹാരമാകും. പകരം, ഇന്ത്യയുടെ നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ നിർണായക ധാതുക്കളും അപൂർവ്വ മൂലകങ്ങളും ഓസ്ട്രേലിയയിൽ നിന്ന് ലഭ്യമാകും. ഇരുരാജ്യങ്ങളും തമ്മിലുള്ള ഈ ശക്തമായ പങ്കാളിത്തം വരും നാളുകളിൽ കൂടുതൽ സാമൂഹിക-സാമ്പത്തിക പുരോഗതിക്ക് വഴിയൊരുക്കുമെന്നാണ് വിലയിരുത്തൽ.

ന്യൂസ്ഡസ്ക് ആകാശവാണി.....

## KERALAM BRICS WOMENS MINISTERIAL

ബ്രിക്സ് വനിതാ മന്ത്രി തല യോഗം നാളെ കൊച്ചിയിൽ സമാപിക്കും. കേന്ദ്രമന്ത്രി അന്നപൂർണ ദേവി, സഹമന്ത്രി സാവിത്രി താക്കൂർ, മന്ത്രാലയംസെക്രട്ടറി അനിൽ മാലിക്, മന്ത്രി ബിന്ദു കൃഷ്ണ തുടങ്ങിയവർ ഇന്നത്തെ യോഗങ്ങളിൽ പങ്കെടുത്തു. തദ്ദേശസ്വയംഭരണത്തിലെ സ്ത്രീശാക്തീകരണ മാതൃകകൾ ഇന്നത്തയോഗത്തിൽ ഇന്ത്യ പങ്കുവച്ചു. സമത്വവും സ്ത്രീശാക്തീകരണവും ഉറപ്പാക്കുന്നതിന് ഒരുമിച്ച് മുന്നേറണമെന്ന് ശ്രീമതി അന്നപൂർണ ദേവി പറഞ്ഞു. ഇന്ത്യ ഉൾപ്പെടെ 11 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

## CM WAYANAD

വയനാട് മണ്ണിടിച്ചിൽ ദുരന്തത്തിൽ സർക്കാർ സാങ്കേതികമായും,നിയമപരമായുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കേന്ദ്ര സർക്കാർ, തുരങ്കപാത നിർമ്മാണത്തിന് പാരിസ്ഥിതിക അനുമതി കൊടുത്തപ്പോൾ നൽകിയ കർശന നിർദ്ദേശങ്ങൾ, നിർമ്മാണ കരാർ ഏറ്റെടുത്തവർ പാലിച്ചോ എന്ന് പരിശോധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മണ്ണിടിച്ചിൽ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ സഹായധനം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. അതിനിടെ ദുരന്തബാധിത പ്രദേശം മുഖ്യമന്ത്രി വി.ഡി.സതീശൻ ഇന്ന് വൈകുന്നേരം സന്ദർശിച്ചു. ദുരിതാശ്വാസ ക്യാമ്പിലും മുഖ്യമന്ത്രി സന്ദർശനം നടത്തി. കളക്ട്രേറ്റിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗവും ചേർന്നു.

## SHAH-NAIDU MEET

രാജ്യത്തെ പ്രധാനപ്പെട്ട വിമാനത്താവളങ്ങളിലെ സുരക്ഷ, എമിഗ്രേഷൻ സംവിധാനം, യാത്രക്കാർക്കുള്ള സൗകര്യം, തുടങ്ങിയവ കേന്ദ്രമന്ത്രിമാരായ അമിത് ഷാ, റാം മോഹൻ നായിഡു എന്നിവർ വിലയിരുത്തി. Automated X-ray Tray Return System വിമാനത്താവളങ്ങളിൽ സജ്ജമാക്കാൻ ശ്രീ അമിത് ഷാ നിർദേശം നൽകി. വിമാനത്താവളങ്ങളിൽ

യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത്, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി നിർദേശിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് മുൻഗണനാടിസ്ഥാനത്തിൽ വികസനം നടപ്പാക്കാനും അദ്ദേഹം നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## MOS – SURESH GOPI

രാജ്യത്ത് തപാൽ വകുപ്പുമായി സഹകരിച്ച് കൂടുതൽ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. മലപ്പുറം പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ തവനൂർ തപാൽ ഓഫീസിൽ സജ്ജമാക്കിയ പാസ്പോർട്ട് സേവാകേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുഴുവൻ ലോക്സഭാ മണ്ഡലങ്ങളിലും ഓരോ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ എന്നത് കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണെന്നും ശ്രീ സുരേഷ് ഗോപി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR–KUWAIT

കുവൈത്ത് കിരീടാവകാശി ഷെയ്ഖ് സബാഹ് അൽ-ഖാലിദ് അൽ-സബാഹുമായി വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നതിൽ കുവൈത്ത് കിരീടാവകാശി കാണിക്കുന്ന പ്രതിബദ്ധതയെ ശ്രീ

ജയ്ശങ്കർ അഭിനന്ദിച്ചു. കൂടിക്കാഴ്ചയിൽ ഗൾഫ് മേഖലയിലെ സംഭവവികാസങ്ങളും ചർച്ചയായി.

## RAIN-KERALAM

കേരളത്തിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട് ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു.

## FIFA

ഫുട്ബോൾ ലോകകപ്പിന്റെ ക്വാർട്ടർ ഫൈനൽ മത്സരക്രമം നിശ്ചയിച്ചു. ഫ്രാൻസ്, മൊറോക്കോ, നോർവേ, ഇംഗ്ലണ്ട്, സ്പെയിൻ, ബെൽജിയം, അർജന്റീന, സ്വിറ്റ്സർലൻഡ് എന്നീ ടീമുകളാണ് ക്വാർട്ടറിലെത്തിയത്. വെള്ളിയാഴ്ച പുലർച്ചെ 1:30-ന് നടക്കുന്ന ആദ്യ

മത്സരത്തിൽ ഫ്രാൻസ്, മൊറോക്കോയെ നേരിടും. ശനിയാഴ്ച സ്പെയിൻ-ബെൽജിയം പോരാട്ടവും, ഞായറാഴ്ച നോർവേ-ഇംഗ്ലണ്ട്, അർജന്റീന-സ്വിറ്റ്സർലൻഡ് മത്സരങ്ങളും നടക്കും. ഇതാദ്യമായാണ് നോർവേ ലോകകപ്പ് ക്വാർട്ടറിലെത്തുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## KHELO INDIA YOUTH GAMES

എട്ടാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് തെലങ്കാന വേദിയാകും. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. രാജ്യത്തെ യുവാക്കൾക്ക് അവരുടെ കായിക പ്രതിഭ പ്രകടിപ്പിക്കാനുള്ള മികച്ച വേദിയായി ഈ ഗെയിംസ് മാറുമെന്ന് അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## SHIVRAJ – ELNINO (INTRO)

എൽ നിനോ പ്രതിഭാസം കൃഷിയിലുണ്ടാക്കുന്ന ആഘാതം നേരിടാൻ കേന്ദ്ര സർക്കാർ പൂർണ്ണ സജ്ജമാണെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ നടന്ന ഉന്നതതല അവലോകന യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## NMBA-VIRENDRA KUMAR

കേന്ദ്ര സർക്കാരിന്റെ 'ലഹരിമുക്ത ഭാരത യജ്ഞം' ഇതുവരെ 23 കോടിയിലധികം ജനങ്ങളിലേക്ക് എത്തിയതായി സാമൂഹിക നീതി മന്ത്രാലയം അറിയിച്ചു. ഇതിൽ 7.81 കോടിയിലധികം യുവാക്കളും 5.24 കോടി സ്ത്രീകളും ഉൾപ്പെടുന്നു. രാജ്യം ലഹരിമുക്തമാക്കാൻ വിവിധ മന്ത്രാലയങ്ങളുംസന്നദ്ധ സംഘടനകളും ആശുപത്രികളും ഒത്തൊരുമിച്ചാണ് പ്രവർത്തിക്കുന്നതെന്ന് കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ പറഞ്ഞു. ലഹരി വിപത്തിനെതിരെ ശക്തമായ പ്രതിരോധം തീർക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

## MANDAVIYA-EPFO

ഇപിഎഫ് പലിശ ജൂലൈ 15-നകം അക്കൗണ്ടുകളിലെത്തുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ. 2025-26 സാമ്പത്തിക വർഷത്തെ 8.25 ശതമാനം പലിശ 34 കോടിയോളം വരുന്ന ഇപിഎഫ് അക്കൗണ്ടുകളിൽ ലഭ്യമാക്കുമെന്ന് അദ്ദേഹം അറിയിച്ചു. 1.44 ലക്ഷം കോടി രൂപയാണ് വരിക്കാർക്ക് കൈമാറുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## NAIDU-NAL AIRCRAFT

ഇന്ത്യയുടെ ആദ്യത്തെ തദ്ദേശീയ ലഘു യാത്രാവിമാനമായ 19 സീറ്റർ 'സാരസ്' എം.കെ-II'വിൻറെ രൂപകൽപ്പന വിജയകരമായി പൂർത്തിയാക്കിയ നാഷണൽ എയറോസ്‌പേസ് ലബോറട്ടറീസിനെ സിവിൽ ഏവിയേഷൻ മന്ത്രി രാം മോഹൻ നായിഡു അഭിനന്ദിച്ചു. തദ്ദേശീയമായി നിർമ്മിക്കുന്ന ഈ വിമാനങ്ങൾ രാജ്യത്തെ വിദൂരത്തും ഉയർന്ന പ്രദേശങ്ങളിലുമുള്ള വിമാനത്താവളങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള 'ഉഡാൻ' പദ്ധതിക്ക് ഊർജ്ജമാകുമെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**NEW US-IRAN**

ഇറാനുമായുള്ള വെടിനിർത്തൽ കരാർ അവസാനിച്ചതായി യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ടെഹ്‌റാനുമായി ഇനി ചർച്ചകൾക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. തുർക്കിയെ തലസ്ഥാനമായ അങ്കാറയിൽ നാറ്റോ ഉച്ചകോടിക്കിടെ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ട്രംപ്. ഹോർമുസ് കടലിടുക്കിൽ മൂന്ന് കപ്പലുകൾ ആക്രമിക്കപ്പെട്ടതിന് പിന്നാലെ ഇരുരാജ്യങ്ങളും പരസ്പരം ആക്രമണം ശക്തമാക്കിയ പശ്ചാത്തലത്തിലാണ് ട്രംപിന്റെ പ്രസ്താവന.

❁❁❁❁❁❁❁❁❁❁❁❁❁

**ASEAN-INDIA TRADE**

ഇന്ത്യയും ആസിയാൻ രാജ്യങ്ങളും തമ്മിലുള്ള ചരക്ക് വ്യാപാര കരാർ പുതുക്കുന്നതിനുള്ള പതിമൂന്നാമത് സംയുക്ത സമിതി യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. ഈ മാസം 10 വരെ ഓൺലൈനായും നേരിട്ടുമുള്ള ഹൈബ്രിഡ് രീതിയിലാണ് യോഗം നടക്കുന്നത്. വ്യാപാര കരാറുമായി ബന്ധപ്പെട്ട സബ് കമ്മിറ്റികൾക്ക് ആവശ്യമായ തന്ത്രപ്രധാന നിർദ്ദേശങ്ങൾ ജോയിന്റ് കമ്മിറ്റി നൽകിയിട്ടുണ്ട്.